അടുക്കളയെങ്കിലുമുള്ള കൂടുതൽ ലയങ്ങൾ പണിയണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ നിലയിലേയ്ക്കുള്ള കാര്യങ്ങളാണ് ചെയ്യാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്ലാന്റേഷൻ ടാക്സും ലാന്റ് ടാക്സും അടക്കമുള്ള വിഷയങ്ങൾ, പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയും ട്രേഡ് യൂണിയനുകളും മുന്നോട്ടുവച്ച ആവശ്യങ്ങൾ അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. ഈ മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് സംരക്ഷിച്ചില്ലെങ്കിൽ വലിയ ഒരു അനിശ്ചിതാവസ്ഥ ഈ മേഖലയിൽ വരുമെന്നുള്ളത് സത്യമാണ്.

4. ഹയർസെക്കണ്ടറി അദ്ധ്യാപകനിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ഒന്നര മാസത്തിലധികമായി ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, സുവോളജി, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരില്ല. നിയമപരമായ ചില പ്രശ്നങ്ങളുള്ളതുകാരണം ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ പി.ടി.എ.യ്ക്ക് കഴിയുന്നുമില്ല. അവിടെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും സംയുക്ത സമരത്തിലാണ്. പരീക്ഷ അടുത്തുവരുന്ന സാഹചര്യത്തിൽ ഒന്നുകിൽ ട്രാൻസ്ഫർവഴി ഈ പോസ്റ്റുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അതിന് സാങ്കേതികമായ തടസ്സമോ കാലതാമസമോ ഉണ്ടാകുന്ന സാഹചര്യമുണ്ടെങ്കിൽ പി.ടി.എ.-യ്ക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാനുള്ള അധികാരമോ നൽകാനുള്ള തീരുമാനം അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ചെങ്ങന്നൂർ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകരെ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചതിനാൽ ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, സുവോളജി, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വിവിധ സ്കൂളുകളിൽ സ്ഥലം മാറ്റം നൽകിക്കൊണ്ട് 21-9-2015-ൽ ഹയർ സെക്കണ്ടറി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും അവരെ പ്രസ്തുത സ്കൂളുകളിൽനിന്നും വിടുതൽ ചെയ്യുകയും ചെയ്തു. പകരം അദ്ധ്യാപകരെ പ്രസ്തുത സ്കൂളുകളിലേക്ക് നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1-10-2015-ലെ ഉത്തരവുപ്രകാരം സ്ഥലമാറ്റനിയമനങ്ങൾ നിലവിലെ അവസ്ഥയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിവയ്ക്കുവാനും തുടർന്ന് സ്ഥലമാറ്റ ഉത്തരവിലെ അപാകതകൾ പരിശോധിച്ച് തിരുത്തുന്നതിനായി ഒരു അനോമലി കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് സർക്കാർതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു അനോമലി കമ്മിറ്റി രൂപീകരിക്കുകയും 26-10-2015-ലെ ജി.ഒ. (ആർ.ടി) നമ്പർ 5035/2015/പൊ.വി.വ ഉത്തരവുപ്രകാരം നിലവിൽ വന്ന ട്രാൻസ്ഫറിലെ അപാകതകൾ പരിഹരിക്കുന്നതിനും ട്രാൻസ്ഫർ പ്രക്രിയ കൂടുതൽ സുതാര്യമായ രീതിയിൽ നടത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിനുശേഷം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ട്രാൻസ്ഫർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമൂലവും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടപെടൽമൂലവും ഇക്കാര്യത്തിൽ വീണ്ടും കാലതാമസമുണ്ടായിരിക്കുകയാണ്. എങ്കിലും ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ 2015-16 വർഷത്തെ ട്രാൻസ്ഫർ വൈകിയാണെങ്കിലും പൂർത്തീകരിക്കാൻ ഹൈക്കോടതി നിർദ്ദേശമുള്ളതിനാലും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും താൽപ്പര്യം മുൻനിർത്തി സ്ഥലമാറ്റ നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കേണ്ടതുണ്ടെന്നുള്ളതിനാലും ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ ഹയർ സെക്കണ്ടറി ഡയറക്ടർ ഇതുസംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ചെങ്ങന്നൂർ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, സുവോളജി, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങൾക്കുള്ള അദ്ധ്യാപകർ നിയമിതരാകുന്നതാണ്.

5. സർക്കാർ ഉടമസ്ഥതയിൽ സിനിമാ തിയേറ്റർ

<u>ശ്രീ. കെ. അജിത്</u> : സർ, മലയാള സിനിമയിലെ ആദ്യ നിശബ്ദചിത്രമായ 'ബാലനിലെ' നായിക മുതൽ ഭരത് മമ്മൂട്ടിവരെ ജന്മം കൊണ്ട സ്ഥലമാണ് വൈക്കം. കർമ്മംകൊണ്ട് ദക്ഷിണാമൂർത്തി സ്വാമികൾ വൈക്കത്തുകാരനാണ്. വൈക്കം മുനിസിപ്പാലിറ്റിയിൽ മൂന്ന് സിനിമാ തിയേറ്ററുകളാണുണ്ടായിരുന്നത്. പക്ഷേ സിനിമാ പ്രതിസന്ധിയുടെ ഭാഗമായി അതെല്ലാം അടച്ചുപൂട്ടുകയുണ്ടായി. ഇപ്പോൾ വൈക്കം മുനിസിപ്പാലിറ്റി ആവശ്യമായ സ്ഥലം നൽകാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സിനിമാ തിയേറ്റർ പണിയാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. വൈക്കത്തെ സിനിമാ പ്രേമികളുടെ ആവശ്യപ്രകാരം വൈക്കത്ത് സർക്കാരിന്റെ നേതൃത്വത്തിൽ ഒരു സിനിമാ തിയേറ്റർ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

GPM. 2/240/2020-63

LIBRARY ARCHIVES Kerala Legislative Assembly